പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 322

09.4.2013- ൽ
മറുപടിക്ക്

# കയറിനും കയറുല്പന്നങ്ങൾക്കും ആഭ്യന്തര വിപണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>,, എം. ഉമ്മർ<br>,, സി. മോയിൻകുട്ടി<br>,, പി. ബി. അബ്ദുൾ റസാക് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)കയറിനും കയറുല്പന്നങ്ങൾക്കും ആഭ്യന്തര വിപണി വിപുലപ്പെടുത്തുന്നതിനായി ജനകീയ കമ്പനി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;വിശദാംശം നൽകുമോ; | (എ) കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം എന്ന പേരിൽ ജനകീയ കമ്പനി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പബ്ളിക് പ്രൈവറ്റ് പാർട്ട്ണർ-ഷിപ്പോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് **(DPR)** പരിശോധിച്ചുവരുന്നു. |
| (ബി)ഉണ്ടെങ്കിൽ അതിനു വേണ്ടിയുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (ബി) ഡി.പി.ആർ -നെക്കുറിച്ചുള്ള ചർച്ചകൾ വിവിധ തലങ്ങളിൽ പുരോഗമിക്കുന്നു. |
| (സി)സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലാണ് ഇത് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ? | (സി) പ്രാരംഭ ദിശയിൽ ആഭ്യന്തര വിപണി വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ഇന്ത്യയിലെ തന്നെ വാണിജ്യ പ്രാധാന്യമുള്ള എല്ലാ സ്ഥലങ്ങളിലും കയറുൽപ്പന്നങ്ങളുടെ വിപണന ശൃംഖല ഇതിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ